## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2529 18/02/2016 -ൽ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്കായുള്ള ക്ഷേമവികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ് | | **ശ്രീ.എ.പി. അനിൽകുമാർ,**<br>(പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി എന്തെല്ലാം ക്ഷേമ വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. | എ) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. നഴ്സറി തലം മുതൽ പി.എച്ച്.ഡി ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കു വരെ വകുപ്പു തലത്തിൽ വിദ്യാഭ്യാസാനുകൂല്യം.<br>2. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ.<br>3. നഴ്സറി സ്കൂളുകളിൽ ഫീഡിംഗ് ചാർജ്ജ്, യൂണിഫോം ചാർജ്, ലംപ്സംഗ്രാന്റ്.<br>4. 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിനു പുറമേ "പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്" പദ്ധതി പ്രകാരം (2014-15 മുതൽ) 2000 രൂപ.<br>5. 9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് സി.എം.എസ്. സ്കോളർഷിപ്പ്.<br>6. 9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്- സി.എസ്.എസ്. പദ്ധതികൾ.<br>7. ഒരു ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ള എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.ടെക് വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ Initial Expenditure. ആയി 10,000/5,000 രൂപ നൽകി വരുന്നു.<br>8. ബി.ടെക്, എം.ടെക്, എം.സി.എ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം. |

9. എം.ബി.ബി.എസ്, ഒന്നാംവർഷ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം.
10. സംസ്ഥാനത്തിനു പുറത്തും വിദേശത്തും പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം.
11. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് (1 മുതൽ 10 വരെ) സി.എസ്.എസ്.പദ്ധതി പ്രകാരം വിദ്യാഭ്യാസാനുകൂല്യം.
12. 4,7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസു വരെ പ്രതിവർഷം 4500/- രൂപ വീതം അനുവദിക്കുന്ന അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.
13. SSLC, +2, TTC, Diploma, Degree, PG, Professional Course എന്നിവയിൽ മികച്ച വിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
14. Medical/Engineering എൻട്രൻസ് കോച്ചിംഗ് നൽകുന്നതിനായുള്ള Vision-2013 പദ്ധതി.
15. സ്പോർട്സിൽ മികവു കാണിക്കുന്ന വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസു മുതൽ പ്രവേശനം നൽകുന്നതിനായി ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ.
16. പട്ടികജാതിയിൽപ്പെട്ട 70 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി പാലക്കാട് മെഡിക്കൽ കോളേജ്.
17. വിവിധ മത്സരപരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ 4 Pre-Examination Training Centers.(PETC)
18. 5-ാം ക്ലാസു മുതലുള്ള വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ.
19. അഖിലേന്ത്യാ സർവ്വീസ് മത്സര പരീക്ഷയ്ക്ക് പ്രത്യേകം പരിശീലനം നൽകുന്നതിനായി ICSETS (Institute for Civil Service Examination Training Society) പ്രവൃത്തിച്ചു വരുന്നു.
20. പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കായി 87 പ്രീ-മെട്രിക് ഹോസ്റ്റലുകൾ, 18 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ.

| | | | |
|---|---|---|---|
| | | | 21. സംസ്ഥാന സ്ക്കുൾ കലോത്സവത്തിൽ എ. ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000/- രൂപ വീതം പാരിതോഷികം.<br>22. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ്ണനാണയം.<br>23. എസ്.എസ്.എൽ.സി/പ്ലസ്-2 പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ+ ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അര പവൻ സ്വർണ്ണനാണയം.<br>24. 2011-12സാമ്പത്തികവർഷം സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂളുകളിൽ 8-ാം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിന് 3000/-രൂപ അനുവദിച്ചു.<br>25. 80% പട്ടികജാതി വനിതകൾ അംഗങ്ങളായുള്ള സ്വയംസഹായ സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം.<br>26. 50,000/- രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായമായി 50,000/- രൂപ. |
| ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | പട്ടികജാതി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവന്ന് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.; | സി) | ഓരോ പദ്ധതിക്കും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും ആയത് റിലീസ് ചെയ്യുന്നതിനുള്ള അനുമതിയും ഫണ്ടും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.